പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.3882

20.07.2015 ൽ

മറുപടിക്ക്

# സ്വകാര്യ ഭൂമിയിലെ ഖനനം

ചോദ്യം

ഉത്തരം

ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :

ശ്രീ .അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്വകാര്യ ഭൂമിയിൽ നിന്നും ഖനനം ചെയ്യുന്ന ധാതുക്കൾക്ക് ഉടമയിൽ നിന്നും അവകാശ ധനം പിരിക്കുന്നത് സ്റ്റേ ചെയ്തുകൊണ്ടുള്ള സുപ്രീം കോടതി വിധി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | സ്വകാര്യ ഭൂമിയിൽ നിന്നും ഖനനം ചെയ്യുന്ന ധാതുക്കൾക്ക് ഉടമയിൽ നിന്നും അവകാശ ധനം പിരിക്കുന്നത് സ്റ്റേ ചെയ്തുകൊണ്ടുള്ള പൊതുവായ ഒരു ഉത്തരവ് ബഹു.സുപ്രീംകോടതിയിൽ നിന്നും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടി-ട്ടില്ല. എന്നാൽ മലബാർ മേഖലയിലെ സ്വകാര്യ ഭൂമിയിൽ ധാതുക്കളിൻമേലുള്ള അവകാശം ഭൂ ഉടമയ്ക്കാണെന്ന് ത്രേസ്യാമ്മ ജേക്കബ് Vs ജില്ലാ ജിയോളജിസ്റ്റ്, മൈനിംഗ് ആന്റ് ജിയോളജി, പാലക്കാട് (സിവിൽ അപ്പീൽ നം.4543/2000) എന്ന കേസിൽ 08.07.2013 ലെ ഉത്തരവിലൂടെ ബഹുമാനപ്പെട്ട സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ കേസ്സിൽ മലബാർ മേഖലയിലെ സ്വകാര്യ ഭൂമിയിൽ നിന്നും സർക്കാരിന് റോയൽറ്റി ഈടാക്കാമോ എന്ന കാര്യത്തിൽ തീർപ്പ് കൽപ്പിച്ചിരുന്നില്ല. പ്രസ്തുത വിഷയം സുപ്രീം കോടതിയുടെ ഭരണഘടനാ ബഞ്ചിന്റെ പരിഗണനയിലാണ്. കൂടാതെ കോഴിക്കോട് ജില്ലയിലെ അനധികൃതഖനനവുമായി ബന്ധപ്പെട്ട് റോയൽറ്റി ഈടാക്കുന്നതി-നായി ശ്രീ.കെ.പി.ബാലകൃഷ്ണൻ നായർ എന്നയാൾക്ക് 13.06.2014 ന് മൈനിംഗ് ആന്റ് ജിയോളജി കോഴിക്കോട് ജില്ലാ ഓഫീസിൽ നിന്ന് നൽകിയ ഡിമാന്റ് |

| | | | |
|---|---|---|---|
| | | | നോട്ടീസിനെതിരെ ടിയാൻ സിവിൽ അപ്പീൽ നം.4543/2000 ൽ ഒരു. IA ഫയൽ ചെയ്തിരുന്നു. ആയതിൽ 20.04.2015 ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം മേൽ സൂചിപ്പിച്ച ഡിമാന്റ് നോട്ടീസിൻമേലുള്ള തുടർ നടപടികൾ സ്റ്റേ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്റ്റേ നിലനിൽക്കുമ്പോൾ സ്വകാര്യ ഭൂമിയിൽ നിന്നും ഖനനം നടത്തുന്നതിന് പ്രത്യേക അനുമതി ആവശ്യമുണ്ടോ; വ്യക്തമാക്കുമോ; | (ബി) | 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം ധാതുക്കളിലുള്ള അവകാശം സ്വകാര്യ വ്യക്തിയിൽ നിക്ഷിപ്തമായിരിക്കുമ്പോൾ സ്ഥലമുടമയ്ക്ക് തന്നെ ക്വാറിയിംഗ് പെർമിറ്റ് പ്രസ്തുത ചട്ടങ്ങളിലെ അദ്ധ്യായം II ലെ വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കാവുന്നതാണ്. കൂടാതെ പെർമിറ്റ് അനുവദിക്കുന്നതിന് മുമ്പായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നല്ലാതെ മറ്റു വകുപ്പുകളിൽ നിന്നും നിയമപരമായി ലഭിക്കേണ്ട പെർമിറ്റുകൾ / ലൈസൻസുകൾ / നിരാക്ഷേപ പത്രങ്ങൾ പെർമിറ്റിനായി അപേക്ഷിക്കുന്ന വ്യക്തി സമ്പാദിക്കേണ്ടതാണ്. കരിങ്കല്ല് ഖനനത്തെ സംബന്ധിച്ചിടത്തോളം ആയതിന് പുതിയതായി ഒരു ക്വാറിയിംഗ് പെർമിറ്റ് അനുവദിക്കണമെങ്കിൽ മൈനിംഗ് പ്ലാനും പരിസ്ഥിതി ക്ലിയറൻസും കൂടാതെ പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള സമ്മതപത്രം, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ലൈസൻസ് , എക്സ് പ്ലോസീവ് ലൈസൻസ് എന്നിവ ലഭ്യമാക്കേണ്ടതാണ്. |
| (സി) | സ്റ്റേ കാരണം സർക്കാരിന് അവകാശ ധനമായി ലഭിക്കേണ്ട എത്ര രൂപ നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (സി) | ബഹു.സുപ്രീംകോടതിയിൽ നിന്ന് ഉത്തരവുണ്ടായിട്ടുണ്ടെങ്കിലും ഭൂവുടമകൾ സ്വന്തം സ്ഥലത്ത് പെർമിറ്റ് അനുവദിച്ച 5 കേസുകൾ മാത്രമേ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളു. ടി കേസുകളിൽ സർക്കാരിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | സ്റ്റേ നീക്കം ചെയ്യാൻ നടപടി സ്വീകരിക്കാനും പുതിയ നിയമ നിർമ്മാണത്തിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ത്രേസ്യാമ്മ ജേക്കബ് Vs ജില്ലാ ജിയോളജിസ്റ്റ് എന്ന കേസിൽ 08.07.2013 ൽ പുറപ്പെടുവിച്ച ഉത്തരവി-നെതിരെ അപ്പീൽ സമർപ്പിക്കുന്നതിന് പകരം പുതിയ നിയമനിർമ്മാണം നടത്തുവാൻ സംസ്ഥാനത്തിന് സാധിക്കുമെന്ന അഡ്വ.ജനറലിന്റെ നിയമോപദേശത്തെ ത്തുടർന്ന് ഇത് സംബന്ധിച്ച കരട് ബില്ല് സമർപ്പിക്കാൻ ലാന്റ് റവന്യൂകമ്മീഷണ റോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>സെക്ഷൻ ഓഫീസർ |